**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2078 17.12.2012-ൽ മറുപടിയ്ക്ക്

**<u>സത്താം സിംഗിന്റെ മരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കാവിലെ അമൃതാനന്ദമയി മഠത്തിൽ നിന്നും പോലീസ് കസ്റ്റഡിയിലെടുത്ത സത്താം സിംഗിന് അമൃതാനന്ദമയി മഠം, പോലീസ് ലോക്കപ്പ്, ജയിൽ, മാനസിക ആശുപത്രി എന്നിവിടങ്ങളിൽ എതെല്ലാം സ്ഥലത്ത് വച്ച് പീഢനങ്ങൾ നേരിടേണ്ടിവന്നു എന്ന് വ്യക്തമാക്കാമോ; | (എ) | സത്താം സിംഗിന് മഠത്തിൽ വച്ചോ പോലീസ് ലോക്കപ്പിൽ വച്ചോ പീഢനങ്ങൾ ഏൽക്കേണ്ടി വന്നിട്ടില്ല. എന്നാൽ തിരുവനന്തപുരം മാനസിക ആരോഗ്യ കേന്ദ്രത്തിൽ വച്ചുള്ള പീഢനങ്ങളാണ് മരണകാരണമെന്ന് വെളിവായിട്ടുണ്ട്. |
| (ബി) | മനോരോഗിയായ സത്താം സിംഗിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കാതെ വധശ്രമക്കേസെടുത്ത് ജയിലിൽ അടയ്ക്കാനിടയായ സാഹചര്യവും, അന്നത്തെ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഇടപെടലുകളും സംബന്ധിച്ച് അന്വേഷണ സംഘം അന്വേഷിക്കുകയുണ്ടായോ; | (ബി) | സത്താം സിംഗിന്റെ മരണവുമായി ബന്ധപ്പെട്ട വിശദമായ അന്വേഷണത്തിൽ സത്താം സിംഗ് അമൃതാനന്ദമയി മഠത്തിൽ സൃഷ്ടിച്ച സംഘർഷവും അതിനുശേഷം ഉണ്ടായിട്ടുള്ള സംഭവങ്ങളും വിശദമായി അന്വേഷിച്ചിട്ടുള്ളതാണ്. എന്നാൽ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. |
| (സി) | ആഭ്യന്തര വകുപ്പ് മന്ത്രി അന്നേ ദിവസം മഠം സന്ദർശിച്ചതിന് ശേഷം പോലീസിന് നല്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്ന് അന്വേഷണസംഘം അന്വേഷിക്കുകയുണ്ടായോ; | (സി) | നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. |
| (ഡി) | മനോരോഗിയായ സത്താംസിംഗിനെ മഠത്തിൽ നിന്നും കസ്റ്റഡിയിൽ എടുത്ത പോലീസ് അന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കാതിരുന്നത് എന്ത് കൊണ്ടാണെന്ന് അന്വേഷണ സംഘം അന്വേഷിക്കുകയുണ്ടായോ ? | (ഡി) | ഉണ്ട്. ടിയാനെ കസ്റ്റഡിയിലെടുത്ത ശേഷം മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതായി വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ